പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **2542** 11/10/2011 ൽ മറുപടിയ്ക്ക്

## കാസർകോട് ജില്ലയിലെ റീസർവ്വേ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) കാസർകോട് ജില്ലയിലെ റീസർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് തുടങ്ങിയതെന്ന് അറിയിക്കാമോ; | (എ) ഉണ്ട്. 02.07.2002-ന് കാസർകോട് ജില്ലയിൽ റീസർവ്വെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് കൂടാതെ പൈലറ്റ് പ്രോജക്ടിൽ ഉൾപ്പെടുത്ത 2 വില്ലേജുകളുടെ റീസർവ്വെ ത്വരിതഗതിയിൽ നടന്നുവരുന്നു. |
| (ബി) ഇതുവരെ ഏതെല്ലാം വില്ലേജുകളിൽ നടപടി പൂർത്തിയായെന്നും ബാക്കി യുള്ളവയിൽ എന്നേക്ക് പൂർത്തിയാകും എന്നും അറിയിക്കാമോ? | (ബി) കാസർകോട് താലൂക്കിലെ മുളിബ ബ്ലോക്ക് 9, ഇച്ചിലംപാടി ബ്ലോക്ക് 36, മെഗ്രാൽ ബ്ലോക്ക് 38, പ്പിരിബാഗിലു ബ്ലോക്ക് 53 പുത്തൂർ ബ്ലോക്ക് 59, എന്നീ വില്ലേജുകളുടെ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. കാസർകോട് ജില്ലയിലെ മധൂർ ബ്ലോക്ക് -56, പട്ല ബ്ലോക്ക് -57 എന്നീ വില്ലേജുകൾ പൈലറ്റ് പ്രോജക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ചുമാസം കൊണ്ട് റീസർവ്വെ ജോലി പൂർത്തിയാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ജോലി തീരുന്ന മുറയ്ക്ക് ശേഷിക്കുന്ന വില്ലേജുകളുടെ ജോലി ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ